

# വേങ്ങാട് ഗ്രാമപഞ്ചായത്ത്



# ബജറ്റ്
## 2025-26

## വേങ്ങാട് ഗ്രാമപഞ്ചായത്ത്


# ബജറ്റ് പ്രസംഗം

## 2025 – 26


**സി. ചന്ദ്രൻ**

(ചെയർമാൻ, ധനകാര്യ സ്ഥിരം സമിതി)


**2025 മാർച്ച് 22 ശനിയാഴ്ച**



**സി. ചന്ദ്രൻ**
(ചെയർമാൻ,
ധനകാര്യ സ്ഥിരംസമിതി)

ബഹുമാന്യരേ,

വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ ഒടുവിലത്തേതും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ നാലാമത്തേതുമായ വാർഷിക ബഡ്ജറ്റ് ഏറെ അഭിമാനത്തോടെയാണ് ഞാൻ അവതരിപ്പിക്കുന്നത്.

2020 ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പ് വേളയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവച്ച മാനിഫെസ്റ്റോയിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ മിക്കവാറും പൂർത്തിയാക്കി കഴിഞ്ഞു. ശേഷിക്കുന്നത് ഭരണസമിതിയുടെ അവശേഷിക്കുന്ന കാലയളവിൽ പൂർണമായും നിറവേറ്റാൻ കഴിയും എന്ന ആത്മവിശ്വാസത്തോടെയാണ് ബജറ്റ് അവതരിപ്പിക്കുന്നത്. 2024-25 വർഷത്തിൽ ഏറ്റെടുത്ത പദ്ധതികളിൽ ഭൂരിഭാഗവും മികച്ച രീതിയിൽ പൂർത്തിയാക്കാൻ കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യം നൽകുന്ന വസ്തുതയാണ്.

2025-26 വർഷത്തെ യൂണിയൻ സർക്കാരിന്റെ ബജറ്റ് അവതരിപ്പിക്കപ്പെട്ട സാഹചര്യത്തിലാണ് കേരള സംസ്ഥാന സർക്കാർ ബജറ്റും ഇപ്പോൾ പഞ്ചായത്ത് ബജറ്റും അവതരിപ്പിക്കുന്നത്. സെൻട്രൽ ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റ് കേരള സംസ്ഥാനത്ത് വലിയ നിരാശയാണ് ഉളവാക്കിയിട്ടുള്ളത്. ചങ്ങാത്ത മുതലാളിത്തം ശക്തിപ്പെടുത്തുന്നതും നവ ഉദാരവൽക്കരണത്തിന്റെ പ്രഖ്യാപിത ലക്ഷ്യമായ ധനക്കമ്മി കുറക്കാനുള്ള നിർദ്ദേശങ്ങൾക്ക് ഊന്നൽ നൽകുന്ന ബഡ്ജറ്റിൽ തൊഴിലും വരുമാനവും ഇല്ലാതെ ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിച്ച് സാമ്പത്തികരംഗത്തെ ചലനാത്മകമാക്കുന്നതിനുള്ള പദ്ധതികൾ ഒന്നും നിർദ്ദേശിച്ചിട്ടില്ല. ഒന്നര പതിറ്റാണ്ടിനിടെ ഏറ്റവും വലിയ തൊഴിലില്ലായ്മ, വിലക്കയറ്റം, വർദ്ധിച്ചുവരുന്ന അസമത്വം, ദാരിദ്ര്യം, സമ്പാദന നിരക്കിലെ ഇടിവ്, പൊതു-സ്വകാര്യ നിക്ഷേപത്തിലെ കുറവ് തുടങ്ങി സാമ്പത്തിക മേഖല നേരിടുന്ന ഗുരുതര പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ ബജറ്റ് പൂർണമായും പരാജയപ്പെട്ടു എന്നു കാണാവുന്നതാണ്. കേരളം സമർപ്പിച്ച പാക്കേജുകൾ ഒന്നും തന്നെ അംഗീകരിക്കപ്പെട്ടിട്ടില്ല. കാർഷികകടാശ്വാസമില്ല; തൊഴിലാളികളേയും, കുട്ടികളെയും, പാർശ്വവൽക്കരിക്കപ്പെടുന്നവരെയും പരിഗണിച്ചിട്ടില്ല.

എന്നാൽ പ്രതിസന്ധി മറികടക്കുന്നതിന് ഉതകുന്ന ശക്തമായ ബജറ്റ് ആണ് കേരളം അവതരിപ്പിച്ചത്. കേരളം അതിവേഗ സാമ്പത്തിക വളർച്ചയുടെ പുതിയ ഘട്ടത്തിലാണ്. കേരളത്തിന്റെ ആഭ്യന്തര ഉൽപാദനം വർദ്ധിച്ചു. ധനകമ്മിയും റവന്യൂ

കമ്മിയും കുറഞ്ഞു. തനത് വരുമാനം നാലു വർഷത്തിനിടെ 70 ശതമാനം വർദ്ധിച്ചു. സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കാൻ ഇരിക്കുകയാണ്. കേരളത്തിന്റെ വിസ്മയകരമായ ഈ നേട്ടങ്ങൾക്ക് വലുതായ പങ്ക് വേങ്ങാട് ഗ്രാമപഞ്ചായത്തിനും അവകാശപ്പെട്ടതാണ്. വേങ്ങാട് ഗ്രാമപഞ്ചായത്ത് മാർച്ച് 20ന് സമ്പൂർണ്ണ ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. കേരള ത്തെക്കുറിച്ച് പ്രസിദ്ധ ചിന്തകനും പരിസ്ഥിതി-കാലാവസ്ഥാപ്രവർത്തകനും അമേരി ക്കയിലെ എഴുത്തുകാരനുമായ ബിൽ മക്കിൻ പറഞ്ഞ കാര്യം ഇവിടെ സൂചിപ്പി ക്കുന്നു.

'ഇന്ത്യയിലെ ഒരു സംസ്ഥാനമായ കേരളം വികസ്വര രാജ്യങ്ങളിൽ ഒരു വിചിത്രമായ അപവാദമാണ്. മൂന്നാം ലോകരാജ്യത്തിന്റെ ഭാവിയെക്കുറിച്ച് യഥാർത്ഥ പ്രതീക്ഷ നൽകുന്ന ഒരു സ്ഥലമാണ് ഇത്. ഇവിടുത്തെ ശിശുമരണനിരക്ക് കുറവാണ്. സാക്ഷരതാനിരക്ക് ഭൂമിയിലെ ഏറ്റവും ഉയർന്ന നിരക്കുകളിൽ ഒന്നാണ്. സ്ഥിതിവിവരക്കണക്കനുസരിച്ച് കേരളം സാമൂഹിക വികസനത്തിന്റെ എവറസ്റ്റ് കൊടുമുടിയായി വേറിട്ടുനിൽക്കുന്നു. യഥാർത്ഥത്തിൽ ഇതുപോലൊരു സ്ഥലം വേറെയില്ല."

ഈ നേട്ടങ്ങൾക്ക് കാരണം ജനങ്ങളുടെ ഇടപെടൽ ആണെന്ന് അമർത്യാസെൻ ചൂണ്ടിക്കാണിക്കുന്നു. കേരള സംസ്ഥാനം ലോകത്തിന്റെ ഈ ആദരം പിടിച്ചു പറ്റുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം എന്ന നിലയിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിനും ഈ വിജയത്തിൽ ചെറുതല്ലാത്ത ഒരു പങ്കുണ്ട്.

വികസനപദ്ധതികൾ ഏറ്റെടുക്കുന്നതിലും നടപ്പിലാക്കുന്നതിലും നാം ഏറെ മുൻപിൽ ആണെന്ന് പറയുമ്പോഴും നമ്മുടെ മുന്നിൽ പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. തൊഴിലും വരുമാനവും ഇല്ലാത്തവർ നമ്മുടെ പഞ്ചായത്തിലും അനേകമുണ്ട്. അതിനാൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വരുമാന വർദ്ധനവിനുമുള്ള സാമ്പത്തിക സൗകര്യവും പശ്ചാത്തലസൗകര്യവും ഉണ്ടാക്കാൻ ബജറ്റിൽ മുൻഗണന നൽകേണ്ടതുണ്ട്. സാമ്പത്തിക സംഭാവനകളിൽ പ്രമുഖ സ്ഥാനത്ത് ഉണ്ടായിരുന്ന കാർഷികരംഗം ഇന്ന് ക്ഷീണാവസ്ഥയിലാണ്. അത് തിരിച്ചു പിടിക്കാനും പരിപോഷിപ്പിക്കാനും കർഷകരുടെ ആത്മവിശ്വാസം വർധിപ്പിക്കാനും ആവശ്യമായ പദ്ധതികൾക്ക് നാം രൂപം നൽകേണ്ടിയിരിക്കുന്നു. പശ്ചാത്തല സൌകര്യം വർദ്ധിപ്പിക്കുന്നതിന് മികച്ച യാത്രാസൌകര്യം ഒരുക്കേണ്ടതുണ്ട്. അതിനാൽ പുതിയ റോഡുകൾ ടാർ ചെയ്യുന്നതിനും പഴയ റോഡുകൾ റീടാർചെയ്യുന്നതിനും മുന്തിയ പരിഗണനയാണ് ബജറ്റിൽ നൽകിയിരിക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതു ലക്ഷ്യങ്ങൾ സവിശേഷ വികസന ലക്ഷ്യങ്ങൾ പൊതു മുൻഗണനകൾ എന്നിവയെല്ലാം പരിഗണിച്ചും ഗ്രാമസഭകളിലും വികസന സെമിനാറിലും അവതരിപ്പിക്കപ്പെട്ട പ്രശ്ന ങ്ങളും പരിഹാരങ്ങളും പരിഗണിച്ചുകൊണ്ടും സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈ വരിക്കുന്നതിനും സംസ്ഥാനം മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് അനുരോധമായി പഞ്ചായത്തിന്റെ ഹരിത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനും അത് നിലനിർത്തുന്നതിനും ഉതകുന്ന ഒരു ധന വിനിയോഗമാണ് ഇവിടെ

അവതരിപ്പിക്കുന്നത്. തുടങ്ങിവെച്ച വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രോജക്റ്റുകൾ മുൻഗണനാക്രമത്തിൽ തിരഞ്ഞെടുക്കുന്നതിനും അതീവ ജാഗ്രത പുലർത്തിയിട്ടുണ്ട്. മുൻനിര പദ്ധതികളിൽ പ്രധാനപ്പെട്ട അതി ദാരിദ്ര്യ നിർമാർജനത്തിനും വർദ്ധിച്ച മുൻഗണന നൽകിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ അതിദരിദ്രരായി കണ്ടെത്തിയ 64 പേരെ ഈ പട്ടിയിൽ നിന്നും മോചിപ്പിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. തുടർന്നും അവർക്ക് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ മൈക്രോ പ്ലാനിലൂടെ ഒരുക്കുന്നതിന് 1,20,000 രൂപ മരുന്നു വാങ്ങുന്നതിനായി നീക്കിവെച്ചിട്ടുണ്ട്. പുതുതായി ആരും തന്നെ ഈ പട്ടികയിലേക്ക് വരാതിരിക്കാൻ വിശപ്പ് രഹിത കേരളം, ഭവന നിർമ്മാണം, സ്വയം തൊഴിൽ കണ്ടെത്തൽ, ഭിന്നശേഷിക്കാർക്കുള്ള വിവിധ പരിപാടികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു. 2025 നവംബർ ഒന്നിന് കേരളം അതിദാരിദ്രരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിനും ഏറെ അഭിമാനിക്കാൻ വകയുണ്ട്.

പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലാവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 9 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. പ്രാദേശിക ഉത്പാദന മേഖലയായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം തുടങ്ങിയ മേഖലകളിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും വിവിധ വിളകളുടെയും മറ്റ് സംരംഭങ്ങളുടെയും ഉൽപ്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്റ്റുകൾക്കും പദ്ധതിയിൽ മുൻഗണന നൽകിയിരിക്കുന്നു.

നാളികേര കൃഷിക്ക് 15 ലക്ഷം രൂപ, തെങ്ങ് മുറിച്ചു മാറ്റുന്നതിന് 4,08,500രൂപ, നെൽകൃഷി വികസനത്തിന് 5,20,000 രൂപ, ഇടവിള കിറ്റ് 2,60,000 രൂപ, വാഴക്കന്ന് വിതരണം 2,50,000 രൂപ, പച്ചക്കറി വികസനത്തിന് 2,40,000 രൂപ, കവുങ്ങ്കൃഷിക്ക് 1,07,280 രൂപ, പച്ചക്കറികൃഷി വികസനത്തിന് 2,40,000 കണ്ണൂർ ചില്ലി വ്യാപനത്തിന് 51000 രൂപ, കൂടാതെ കൃഷിഭവനുമുന്നിൽ ഇന്റർലോക്ക്, കൃഷിഭവനിൽ ഷെൽഫ്, ചെറുധാന്യകൃഷി, പയർകൃഷി ഇങ്ങനെ 38,66,750 രൂപ കാർഷികമേഖലയിലെ പദ്ധതിക്കായിട്ട് നിർദ്ദേശമുണ്ട്.

മുട്ടക്കോഴി വളർത്തൽ 6,30,000 രൂപ, കറവപ്പശു വിതരണത്തിന് 10,00,000 രൂപ, പാലിന് ഇൻസെന്റീവ് നൽകുന്നതിന് 4 ലക്ഷം രൂപ,കാലിത്തീറ്റക്ക് സബ്സിഡി ഇനത്തിൽ 4 ലക്ഷം രൂപ, പശുവിന് ധാതുലവണങ്ങൾ നൽകുന്ന പ്രൊജക്റ്റിൽ 1,50,000 രൂപ, ഇതു കൂടാതെ മൃഗാശുപത്രിയിലേക്ക് മരുന്ന്, ആശുപത്രിക്ക് ഗ്രിൽസ്, റാബീസ് വാക്സിൻ, എ.ബി.സി, മുറ്റത്തൊരുമീൻ തോട്ടം പദ്ധതി എന്നിങ്ങനെ മൃഗസംരക്ഷണമേഖലയിൽ ആകെ 31.04,000 രൂപയുടെ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജനാധിപത്യ-മതേതര-ഫെഡറൽ ആശയങ്ങൾക്കെതിരെ വിഭാഗീയ രാഷ്ട്രീയ വികാരങ്ങൾ ഉല്പാദിപ്പിക്കുന്നവർ സംസ്ഥാനത്തിന്റെ സാംസ്കാരിക

അന്തരീക്ഷം അനാരോഗ്യകരമാക്കി തീർക്കുമ്പോൾ ലൈബ്രറികൾക്ക് നമ്മുടെ സാമൂഹിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കാനുണ്ട്. ഗ്രന്ഥശാലകളും മറ്റു സാങ്കേതിക സ്ഥാപനങ്ങളും പിന്നോട്ട് പോകുന്ന ഒഴിവിലേക്കാണ് മദ്യവും മയക്കുമരുന്നുകളും കടന്നുവരുന്നത്. ഇതിന് ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സാംസ്കാരിക രംഗത്തെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അതിനാൽ വായനശാലകൾക്കും സാംസ്കാരികസ്ഥാപനങ്ങൾക്കും ബഡ്ജറ്റിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. വായനശാലകൾക്ക് പുസ്തകം വിതരണം ചെയ്യുന്നതിന് 1,00,000രൂപയും വായന കോർണറിന് പുസ്തകം നൽകുന്നതിന് 60,000 രൂപയും പ്ലസ് ടു, എസ്എസ്എൽസി തുല്യതാപരീക്ഷകൾക്ക് 2,50,000 രുപയും, കൂടാതെ കേരളോത്സവത്തിനുള്ള തുകയും വകയിരുത്തിയിരിക്കുന്നു.

വികസനത്തിന്റെ അടിസ്ഥാനം ജനതയുടെ മാനസികവും ശാരീരികവുമായ ആരോഗ്യമാണ്. അതിനാൽ ആരോഗ്യ രംഗത്ത് വലിയ പരിഗണനയാണ് ഈ വർഷം നൽകുന്നത്. ആയുർവേദ മരുന്നിന് 12 ലക്ഷം രൂപ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങുന്നതിന് 8 ലക്ഷം രൂപ, ഹോമിയോ മരുന്ന് വാങ്ങുന്നതിന് 3 ലക്ഷം രൂപ, ആരോഗ്യ ജാഗ്രത പരിപാടിക്ക് 50,000 രൂപ, പെയിൻ ആന്റ്പാലിയേറ്റീവ് കെയറിന് 50,000 രൂപ, പാരാമെഡിക്കൽ സ്റ്റാഫ് വേതനം 12,11,000 രൂപ, സ്ത്രീകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണത്തിന് 1,50,000 രൂപ, അതിദരിദ്രർക്ക് മരുന്നു വാങ്ങുന്നതിന് 1,20,000 രൂപ, ആയുർവേദമെഡിക്കൽ സ്റ്റോർ റൂമിന് 1,50,000 രൂപ, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് വേതനം, പി എച്ച് സി വാഹന വാടക, അങ്ങനെ 52,09,000 രൂപയുടെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ബഡ്സ് സ്കൂളിന് 18 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. ഭിന്നശേഷികലോത്സവത്തിന് 75000 രൂപയും നീക്കിവെച്ചിരിക്കുന്നു.

മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കി പഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിച്ചിരിക്കുകയാണ്. സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റ്, കെഎസ്.ഡബ്ല്യൂ.എം.പി ഫണ്ട്, ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ തുടങ്ങിയ സ്കീമുകളും സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. എല്ലാ വീട്ടിലും റിംഗ് കംപോസ്റ്റ് എന്ന പദ്ധതിക്ക് 17 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ക്ലീൻ കേരള കമ്പനി വിഹിതം 4 ലക്ഷം രൂപ, ശുചിത്വകിണർ 2 ലക്ഷം രൂപ, ഹരിതകർമ്മ സേനയ്ക്ക് ഉപകരണം വാങ്ങുന്നതിന് 75,000രൂപ, കുട്ടികളുടെ ഹരിതസഭ 30,000 രൂപ, ഹരിതകർമ്മസേനക്ക് അധികവേതനം 2,00,000 രൂപ, മാലിന്യം ട്രാൻസ്പോർട്ട് ചെയ്യുന്നതിന് 4,50,000 രൂപ ഇങ്ങനെ 30,55,000 ലക്ഷം നീക്കി വച്ചിരിക്കുന്നു.

മമ്പറത്ത് ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിന് 9,20,000 രൂപ ഫണ്ട് നീക്കി വച്ചിട്ടുണ്ട്. 32 ലക്ഷത്തിന്റെ പദ്ധതിയാണ് ഉദ്ദേശിക്കുന്നത് പഞ്ചായത്ത് ഓഫീസിൽ ഭിന്നശേഷി സൗഹൃദ ടോയ്ലറ്റ് നിർമ്മിക്കുന്നതിന് 3 ലക്ഷവും വനിതാ ടോയ്ലറ്റ് നിർമ്മാണത്തിന് 4 ലക്ഷം രൂപയും വകകൊള്ളിക്കുന്നു.

സുരക്ഷിതവും സൗകര്യപ്രദവുമായ വാസഗൃഹം പൗരന്റെ ആത്മാഭിമാനവും ആത്മവിശ്വാസവും വർദ്ധിപ്പിക്കും. ലൈഫ് പദ്ധതി പ്രകാരം വീട് പണിയുന്നതിന് ഭൂമി വാങ്ങാനായി 20ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വീട് വാസയോഗ്യമാക്കുന്നതിന് 3 ലക്ഷം രൂപ, ലൈഫ് പദ്ധതിയിൽ വീട് പണിയുന്നതിന് 25 ലക്ഷംരൂപ, നിലവിൽ ലൈഫ് പദ്ധതി പ്രകാരം വീടു ലഭിച്ചവർക്ക് ശൗചാലയം നിർമ്മിക്കുന്നതിന് 4,80,000രൂപ, പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വീട് പണിയുന്നതിന് ഒരു ലക്ഷം രൂപ, മേൽക്കൂര മാറ്റുന്നതിന് 21 ലക്ഷം രൂപ,, ആകെ 74,80,000 രൂപ വിവിധ കാറ്റഗറികളിലായി നീക്കിവെച്ചിട്ടുണ്ട്. ഇതു കൂടാതെ പട്ടിക വിഭാഗത്തിന് ഫർണിച്ചർ വാങ്ങുന്നതിന് 30,000 രൂപ വേറെയും വകയിരുത്തിയിരിക്കുന്നു.

നീർത്തട വികസനം, കാർഷിക മേഖലയുടെ വികസനത്തിനായി കല്ലിക്കുന്ന് ഓടക്കാട് ജലസേചന സൗകര്യമൊരുക്കുന്നതിന് 4 ലക്ഷം രൂപയും, അമ്പലക്കുളം നവീകരിക്കുന്നതിന് 34,22,000 രൂപയും നീക്കിവെക്കുന്നു.

വയോജനങ്ങളുടേയും വനിതകളുടേയും മാനസിക ശാരീരിക ആരോഗ്യത്തിനുള്ള പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. സാമൂഹ്യ വികസന സൂചികയിൽ മുന്നിട്ടു നിൽക്കുമ്പോഴും കേരളത്തിൽ ജീവിത ശൈലീരോഗങ്ങൾ ഉയർന്നു നിൽക്കുകയാണ്. അത് നിയന്ത്രിക്കുന്നതിനും ജിംനേഷ്യം പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ സ്ത്രീകൾക്ക് മുന്തിയ പരിഗണന തന്നെ നൽകേണ്ടതുണ്ട്. വനിതാ ക്ഷേമം ഉദ്ദേശിച്ച് ജിംനേഷ്യം സ്ഥാപിക്കുന്നതിന് 9,00,000 രൂപ, വനിതാ ഫിറ്റ്നസ് ഉപകരണങ്ങൾക്ക് 4,00,000 രൂപ എന്നിങ്ങനെ വക കൊള്ളിച്ചിരിക്കുന്നു.

പഞ്ചായത്തിൽ വയോജനങ്ങളുടെ എണ്ണം വർധിക്കുന്നതു പരിഗണിച്ചും, ആയുർദൈർഘ്യം കൂടുന്നത് പരിഗണിച്ചും കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു വയോജന കലാമേള, വയോജനവിനോദയാത്ര, വയോജനങ്ങൾക്ക് സഹായകഉപകരണങ്ങൾ വയോജനവിശ്രമകേന്ദ്രം എന്നിങ്ങനെ വിവിധ പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ധന ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ പശ്ചാത്തല മേഖലയെ അവഗണിക്കുന്നത് മനുഷ്യവിഭവശേഷി ആഭ്യന്തര ഉൽപാദനത്തിലേക്ക് പരിവർത്തിപ്പിക്കുന്നതിന് തടസ്സമാവും. അതിനാൽ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്ക് റോഡ് നിർമ്മാണത്തിന് വലിയ പ്രാധാന്യമാണ് ഇത്തവണ നൽകിയിരിക്കുന്നത്. 21 വാർഡിൽ 21 റോഡുകൾ എന്ന നൂതന പദ്ധതി ബഡ്ജറ്റ് വർഷത്തിൽ നടപ്പിലാക്കുന്നു. അതിവേഗം നഗരവൽക്കരിക്കപ്പെട്ട കൊണ്ടിരിക്കുന്ന പഞ്ചായത്തിൽ തെരുവ് വിളക്കുകൾക്കും വലിയ പ്രാധാന്യം നൽകിയിട്ടുണ്ട് പരമ്പരാഗത തെരുവിളക്കുകൾ മാറ്റി എൽഇഡിബൾബുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ നേരത്തെ തന്നെ പഞ്ചായത്ത് പൂർണ്ണത കൈവരിച്ചിട്ടുണ്ട്. ഇപ്പോൾ തെരുവിളക്ക് അറ്റകുറ്റപ്പണിക്ക് 8,50,000 രൂപ ബഡ്ജറ്റിൽ നീക്കി വെക്കുന്നുണ്ട്. 2 ലക്ഷം രൂപ സിസിടിവി സ്ഥാപിക്കുന്നതിനും വകയിരുത്തുന്നു.

അംഗനവാടികൾക്ക് വലിയ പ്രാധാന്യമാണ് പഞ്ചായത്ത് നൽകുന്നത്. പോഷകാഹാര വിതരണത്തിന് 20,00,000 രൂപ, കലാമേളക്ക് 30,000 രൂപ, മിക്സ്സി സ്ഥാപിക്കുന്നതിന് 1,98,000 രൂപ എന്നിവയാണ് പ്രധാന പ്രൊജക്റ്റുകൾ. പട്ടികജാതി

വിഭാഗത്തിൽ പെട്ടവരുടെ വിവാഹം, സ്കോളർഷിപ്പ് എന്നിവയ്ക്ക് തുക നീക്കി വെച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ ബജറ്റിൽ പ്രത്യേകം പരിഗണന നൽകുന്നുണ്ട്. 36 റോഡുകൾ റീടാർ ചെയ്യാൻ 2,50,00,000/- രൂപ വക കൊള്ളിച്ചിരിക്കുന്നു. ഇതു കൂടാതെ 21 വാർഡ് 21 റോഡ് പദ്ധതിയും ഈ വർഷം നടപ്പിലാക്കും. അതിനായി 1,26,00,000 രൂപ വക കൊള്ളിച്ചിരിക്കുന്നു.

## ഹൈലൈറ്റ്സ്

- നാളികേര കൃഷി വികസന പദ്ധതിക്ക് 15 ലക്ഷം
- ക്ഷീര ഗ്രാമംപദ്ധതിക്ക് 30 ലക്ഷം രൂപ
- മമ്പറം ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് 32 ലക്ഷം
- (പഞ്ചായത്തിന്റെ വിഹിതം 9,20,000 രൂപ)
- 21 വാർഡിൽ 21 പുതിയ റോഡുകൾ
- പൊട്ടിപ്പൊളിഞ്ഞ റോഡുകൾ റീടാർ ചെയ്യാൻ 2,50,00,000 രൂപ
- ഹരിത കർമ്മസേനക്ക് അധികം ഫണ്ട് 2,00,000 രൂപ
- എല്ലാ വീട്ടിലും റിങ് കംപോസ്റ്റ്
- എല്ലാ വീട്ടിലും ഓരോ പ്രഥമ ശുശ്രൂഷാ വളണ്ടിയർ

**ബജറ്റിന്റെ ധനകാര്യ വിശകലനത്തിലേക്ക്<br>ഇനി പ്രവേശിക്കുന്നു.**

# ബജറ്റ് 2025- 26

| | ക്രമ നമ്പർ | ഇനം | | 2025 –26 ബജറ്റിൽ വകയിരുത്തിയ തുക |
|---|---|---|---|---|
| | A | മുൻബാക്കി | WS 1 | 25,880,829 |
| BS1 | B | **നികുതി വരവുകൾ** | | |
| | | 1. വസ്തു നികുതി | | 11,000,000 |
| | | 2. സേവന നികുതി | | 250,000 |
| | | 3. തൊഴിൽ നികുതി | | 3,700,000 |
| | | **ആകെ നികുതി വരവുകൾ** | | 14,950,000 |
| BS2 | C | **നികുതിയേതര വരവുകൾ** | | 18,699,000 |
| | | രജിസ്ട്രേഷൻ ഫീസ് | | 50,000 |
| | | ലൈസൻസ് ഫീസ് | | 900,000 |
| | | പെർമിറ്റ് ഫീസ് | | 9,000,000 |
| | | സർട്ടിഫിക്കറ്റ്/പകർപ്പ് ഫീസ് | | 50,000 |
| | | പിഴ | | 1,000,000 |
| | | മറ്റ് ഫീസുകൾ | | 600,000 |
| | | അപേക്ഷ ഫീസ് , ഫോറം വിൽപ്പന | | 500,000 |
| | | യൂസർ ചാർജുകൾ | | 1,200,000 |
| | | ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | | 5,100,000 |
| | | കെട്ടിടങ്ങളുടെയും ഷോപ്പിംഗ് കോംപ്ലക്സുകളുടെയും വാടക | | 1,000,000 |
| | | മറ്റ് നികുതിയേതര വരവുകൾ | | 360,000 |
| | | **ആകെ നികുതിയേതര വരവുകൾ** | | 19,760,000 |
| | D | **ആകെ തനത് ഫണ്ടു വരവുകൾ** | B+C | 34,710,000 |
| BS3 | E | **ജനറൽ പർപ്പസ് ഫണ്ട്** | | 26,971,000 |
| | F | **ആകെ (തനത് +ജനറൽ പർപ്പസ്)** | D+E | 61,681,000 |
| BS4 | G | **പദ്ധതി ചെലവുകൾക്കുള്ള വരവുകൾ** | | |
| | | വികസനഫണ്ട് ജനറൽ | | 37,721,000 |
| | | വികസനഫണ്ട് എസ്.സി.പി | | 1,309,000 |
| | | സി.എഫ്.സി ഗ്രാന്റ് | | 13,406,000 |
| | | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 20,837,000 |
| | | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | | 3,795,000 |
| | | സംയോജിത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 2,500,000 |
| | | സംയോജിത പദ്ധതി ജില്ലാപഞ്ചായത്ത് വിഹിതം | | 1,000,000 |
| | | മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ് | | 60,000,000 |
| | | ശുചിത്വ മിഷൻ ഫണ്ട് | | 7,000,000 |

| | | | | |
|---|---|---|---|---|
| | | ശിശുവികസനം ഐ.സി.ഡി.എസ് | | 10,000,000 |
| | | ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ | | 2,000,000 |
| | | **ആകെ ഗ്രാന്റുകൾ** | | 159,568,000 |
| BS5 | H | **പദ്ധതിയേതര ചെലവുകൾക്കുള്ള ഗ്രാന്റ്** | | |
| | | 1. സംസ്ഥാനാവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ ( സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായവ ) | | 86,000,000 |
| | I | **പദ്ധതി/പദ്ധതിയേതര ചെലവുകൾക്കുള്ള ആകെ വരവുകൾ** | F+G+H | 307,249,000 |
| | M | ആകെ വരവുകൾ | | 307,249,000 |
| | N | **മൊത്തം വരവ്(ആകെ വരവുകളും പ്രാരംഭ ബാക്കിയും)** | M+A | 333,129,829 |

## ചെലവുകൾ

| | ക്രമ നമ്പർ | ചെലവ് ഇനം | | ബജറ്റിൽ വകയിരുത്തിയ തുക |
|---|---|---|---|---|
| BS8 | | **അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ** | | |
| | O | **എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | | |
| | | ശമ്പളം ജീവനക്കാർ | | 15,000,000 |
| | | വേജസ് - ദിവസവേതനക്കാർ | | 1,200,000 |
| | | ബോണസ്സ്/ഉത്സവബത്ത | | 50,000 |
| | | ജീവനക്കാരുടെ യാത്രാബത്ത | | 200,000 |
| | | ജനപ്രതിനിധികളുടെ ഓണറേറിയം | | 3,500,000 |
| | | ജനപ്രതിനിധികളുടെ സിറ്റിംഗ് ഫീസ് | | 250,000 |
| | | ജനപ്രതിനിധികളുടെ യാത്രാബത്ത | | 300,000 |
| | | പെൻഷൻ കോൺട്രിബ്യൂഷൻ | | 1,200,000 |
| | | മറ്റ് അലവൻസുകൾ | | 600,000 |
| | | സേവന വിരാമ ആനുകൂല്യങ്ങൾ ജീവനക്കാർ | | 2,000,000 |
| | | **ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | | 24,300,000 |
| | | **ഭരണ ചെലവുകൾ** | | |
| | | നികുതി | | 10,000 |
| | | ഓഫീസ് നടത്തിപ്പ് ചെലവുകൾ നികുതി | | 300,000 |
| | | വാർത്ത വിനിമയ ചെലവുകൾ | | 400,000 |
| | | പുസ്തകങ്ങളും ആനുകാലികങ്ങളും | | 225,000 |
| | | അച്ചടിയും സ്റ്റേഷനറിയും | | 350,000 |
| | | ഇൻഷൂറൻസ്/രജിസ്ട്രേഷൻ | | 50,000 |
| | | നീതിന്യായ സേവനങ്ങൾ | | 50,000 |
| | | പരസ്യവും പ്രചരണവും | | 100,000 |
| | | മെമ്പർഷിപ്പ്/വരിസംഖ്യ | | 10,000 |
| | | തെരഞ്ഞെടുപ്പ് ചെലവുകൾ | | 1,000,000 |

| | | | | |
|---|---|---|---|---|
| | | അസാധാരണ ചെലവുകൾ | | 1,000,000 |
| | | മറ്റ് ഭരണ ചെലവുകൾ | | 1,300,000 |
| | | **ആകെ ഭരണ ചെലവുകൾ** | | 4,795,000 |
| | | **നടത്തിപ്പും സംരക്ഷണവും** | | |
| | | വൈദ്യുതി ഊർജം | | 1,800,000 |
| | | ഡീസൽ, പെട്രോൾ, ഓയിൽ | | 160,000 |
| | | വാട്ടർ ചാർജ് /ബൾക്ക് പർച്ചേസസ് | | 200,000 |
| | | മറ്റ് നടത്തിപ്പ് മയിന്റനൻസ് ചെലവുകൾ | | 110,000 |
| | | **നടത്തിപ്പും സംരക്ഷണവും ആകെ ചെലവുകൾ** | | 2,270,000 |
| | | | | |
| | | ബാങ്ക് ചാർജുകൾ, ഇടപാടു ചെലവുകൾ | | 10,000 |
| | | **അനിവാര്യ ചെലവുകൾ ആകെ** | | 31,375,000 |
| BS-9 | P | **പദ്ധതി - റവന്യൂ ചെലവുകൾ** | | |
| | | ഉൽപാദന മേഖല ആകെ | | 10,352,750 |
| | | സേവന മേഖല ( മഹാത്മാഗാന്ധി NREGA ഉൾപ്പെടെ) | | 106,020,000 |
| | | പശ്ചാത്തല മേഖല | | 22,450,000 |
| | | മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് ആകെ | | 11,331,090 |
| | | മെയിന്റനൻസ് പദ്ധതി ആകെ | | 22,140,000 |
| | | **പദ്ധതി - റവന്യൂ ചെലവുകൾ ആകെ** | | 172,293,840 |
| BS10 | Q | **നോൺ പ്ലാൻ റവന്യൂ ചെലവുകൾ** *(സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ / പദ്ധതികൾ)* | | |
| | 1 | വാർദ്ധക്യകാല പെൻഷൻ | | 42,000,000 |
| | 2 | കർഷകത്തൊഴിലാളി പെൻഷൻ | | 8,000,000 |
| | 3 | ഭിന്നശേഷി വിഭാഗക്കാർക്കുള്ള പെൻഷൻ | | 8,000,000 |
| | 4 | അവിവാഹിത പെൻഷൻ | | 5,000,000 |
| | 5 | വിധവ പെൻഷൻ | | 22,000,000 |
| | 6 | വിവാഹ ധനസഹായം | | 1,000,000 |
| | | **സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ/പദ്ധതികൾ ആകെ** | | 86,000,000 |
| | R | **ആകെ റവന്യൂചെലവുകൾ** | O+P+Q | 289,668,840 |
| | S | **മൂലധന ചെലവുകൾ** | | |
| | | പൊതു കെട്ടിടങ്ങൾ | | 6,000,000 |
| | | റോഡുകൾ | | 3,000,000 |
| | | ജലസേചന സ്രോതസ്സുകൾ | | 600,000 |

| | | | |
|---|---|---|---|
| | വൈദ്യുതി | | 5,000,000 |
| | ജംഗമ സ്വത്തുകൾ | | 3,000,000 |
| | മറ്റുള്ളവ | | 6,000,000 |
| | വായ്പ തിരിച്ചടവ് | | 3,500,000 |
| U | മൂലധന ചെലവുകൾ ആകെ | | 27,100,000 |
| V | **ആകെ ചെലവുകൾ** | R+U | 316,768,840 |
| | **നീക്കി ബാക്കി** | N-V | 16,360,989 |

## 2025- 26 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻബാക്കി | 25,880,829 |
| പ്രതീക്ഷിക്കുന്ന ആകെ വരവുകൾ | 307,249,000 |
| ആകെ | 333,129,829 |
| പ്രതീക്ഷിക്കുന്ന ആകെ ചെലവുകൾ | 316,768,840 |
| നീക്കി ബാക്കി | 16,360,989 |

# പദ്ധതിയും വകയിരുത്തലുകളും

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | ബഡ്സ് സ്ക്കൂൾ പ്രവർത്തനം കാര്യക്ഷമമാക്കൽ | 1800000 |
| 2 | വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ | 255000 |
| 3 | എസ് സി വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്ക് സ്കോളർഷിപ്പ് | 160000 |
| 4 | എസ് സ് വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം | 250000 |
| 5 | തുറസ്സായ കിണർ ശുചിത്വക്കിണറാക്കി മാറ്റൽ | 200000 |
| 6 | വീട് വാസയോഗ്യമാക്കൽ | 300000 |
| 7 | സ്വയം തൊഴിൽ സംരംഭം വനിത | 900000 |
| 8 | ഹരിത കർമ സേനക്ക് സുരക്ഷ ഉപകരണങ്ങൾ | 75000 |
| 9 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 1200000 |
| 10 | ലൈഫ് ഭവന പദ്ധതി ജനറൽ | 2500000 |
| 11 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ | 400000 |
| 12 | ലൈഫ് ഗുണഭോക്തകളുടെ ഭവനത്തിന് ശൌചലയം | 480000 |
| 13 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി | 100000 |

| | | |
|---|---|---|
| 14 | ഗാർഹിക റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ | 1700000 |
| 15 | അങ്കണവാടി പോഷകാഹാരം | 2000000 |
| 16 | പഴയ മെൽക്കൂര മാറ്റി പുതിയതു നിർമിക്കൽ | 2100000 |
| 17 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1200000 |
| 18 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള കലാകായിക മേള | 75000 |
| 19 | സ്നേഹ സാന്ത്വനം പെയിൻ ആൻറ് പാലിയേറ്റീവ് സ്പർശം പദ്ധതി | 850000 |
| 20 | ജാഗ്രതാസമിതി മെച്ചപ്പെടുത്തൽ | 15000 |
| 21 | കരാറടിസ്ഥാലത്തിൽ ഡോക്ടർ പരാമെഡിക്കൽ സ്റ്റാഫ് നിയമനം | 1211000 |
| 22 | കമ്യൂണിററി വിമൺ ഫെസിലിറേററററുടെ ഹൊണറേറിയം | 204000 |
| 23 | വൃക്ക് രോഗികൾക്ക് ഡയാലിസിസിന് ധനസഹായം | 100000 |
| 24 | പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെക്കുള്ള മരുന്ന് വാങ്ങൽ | 800000 |
| 25 | സ്ത്രീകൾക്ക് മെസ്ട്രൽ കപ്പ് വിതരണം | 150000 |
| 26 | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ – മരുന്ന് വാങ്ങൽ | 120000 |
| 27 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 300000 |
| 28 | കണ്ണൂർ ഫൈറ്റ് കാൻസർ – സമഗ്ര കാൻസർ നിയന്ത്രണ പരിപാടി | 50000 |

| | | |
|---|---|---|
| 29 | അങ്കണവാടികൾക്ക് വെയിങ്ങ് മെഷിൻ വാങ്ങൽ | 102000 |
| 30 | തെങ്ങ് മുറിച്ച മാറ്റി പകരം തൈ വെക്കൽ | 408500 |
| 31 | ഇടവിള കിറ്റ് വിതരണം | 260000 |
| 32 | നാളികേര കൃഷി വികസനം | 1500000 |
| 33 | നെൽകൃഷി വികസനം | 520000 |
| 34 | വാഴക്കന്ന് വിതരണം | 250000 |
| 35 | കണ്ണൂർ ചില്ലീസ് മുളക് കൃഷി പദ്ധതി | 51000 |
| 36 | കവുങ്ങ് കൃഷി വികസനം | 107250 |
| 37 | പച്ചക്കറി വികസന പദ്ധതി | 240000 |
| 38 | മുറ്റത്തൊരു മീൻതോട്ടം | 24000 |
| 39 | എസ് എസ് എ വിഹിതം നൽകൽ | 500000 |
| 40 | വായനാ കോർണറിൽ പ്രസിദ്ധീകരണങ്ങൾ | 60000 |
| 41 | കുട്ടികളുടെ സമഗ്ര കലാകായിക പരിപോഷണം | 200000 |
| 42 | കേരളോത്സവം | 150000 |
| 43 | പാലിന് അധിക വില നൽകൽ | 400000 |

| | | |
|---|---|---|
| 44 | ക്ഷീര സംഘം മുഖേന വിതരണം ചെയ്യുന്ന കാലിത്തീറ്റക്ക് സബ്സിഡി | 400000 |
| 45 | വനിതകളുടെ ഫിറ്റ്നസ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 400000 |
| 46 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിങ് | 300000 |
| 47 | ഐ കെ എം ന് അടക്കേണ്ട വിഹിതം | 131090 |
| 48 | വയോജന കലാമേള | 100000 |
| 49 | ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപണി | 150000 |
| 50 | വയോജന വിനോദയാത്ര | 175000 |
| 51 | മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ | 200000 |
| 52 | ധാതുലവണങ്ങൾ വിരമരുന്ന് വിതരണം – കറവപ്പശുക്കൾക്ക് | 150000 |
| 53 | മുട്ടക്കോഴി വിതരണം | 630000 |
| 54 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 200000 |
| 55 | ടെക്നിക്കൽ അസിസ്റ്റൻറിൻറെ വേതനം | 400000 |
| 56 | ഐ എസ് ഒ സർട്ടിഫിക്കറ്റ് പുതുക്കൽ | 30000 |
| 57 | ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം | 50000 |
| 58 | തെരുവ് നായ നിയന്ത്രണം – എ ബി സി പദ്ധതി | 150000 |

| | | |
|---|---|---|
| 59 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി | 850000 |
| 60 | സ്മാർട്ട് ഐ ഫേസ് 2 – പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ | 200000 |
| 61 | ഗ്രന്ഥാലയങ്ങൾക്ക് പുസ്തക വിതരണം | 100000 |
| 62 | എസ്സ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | 30000 |
| 63 | ദുരന്തനിവാരണ മാസ്റ്റർ പ്ലാൻ പുതുക്കൽ | 50000 |
| 64 | പ്ലസ്–ടു തുല്യത പരീക്ഷ | 150000 |
| 65 | വെള്ളക്കരം അടവാക്കൽ | 200000 |
| 66 | പഞ്ചായത്ത് ആസ്തിയിലുള്ള സ്ഥലങ്ങളുടെ ഭൂനികുതി അടവാക്കൽ | 10000 |
| 67 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ | 350000 |
| 68 | സ്മാർട്ട് ഗാർബേജ് ആപ്പ് – എസ്എംഎസ് ചാർജ് കെൽട്രോണിന് നൽകൽ | 26000 |
| 69 | പി എം എ വൈ വിഹിതം നൽകൽ | 490000 |
| 70 | കുട്ടികളുടെ ഹരിത സഭ | 30000 |
| 71 | എൽഎസ്ജിഡി അസിസ്റ്റൻറ് എഞ്ചിനിയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 432000 |
| 72 | കുന്നിരിക്ക അമ്പലക്കുളം നവീകരണവും അനുബന്ധ പ്രവൃത്തികളും രണ്ടാം ഘട്ടം | 3422000 |
| 73 | ചെറുധാന്യം വിത്തുവിതരണം | 15000 |

| | | |
|---|---|---|
| 74 | പയർ കൃഷി വികസനം | 75000 |
| 75 | കൃഷിഭവനിൽ വോൾ ഷെൽഫ് വാങ്ങൽ | 240000 |
| 76 | മിശ്രവിവാഹിതർക്ക് ധനസഹായം | 300000 |
| 77 | ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ | 2000000 |
| 78 | മൃഗാശുപത്രിയിലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 40000 |
| 79 | റാബിസ് വാക്സിനേഷൻ ക്യാമ്പ് | 10000 |
| 80 | പത്താംതരം തുല്യത | 100000 |
| 81 | ആരോഗ്യ ജാഗ്രത | 50000 |
| 82 | പി.എച്ച്.സി യിൽ വാഹന വാടക | 25000 |
| 83 | കൃഷിഭവൻ കോമ്പൌണ്ട് ഇൻറർ ലോക്കിംഗ് | 400000 |
| 84 | അസിസ്റ്റൻറ് എഞ്ചിനിയറുടെ ഓഫീസിലേക്ക് പ്രിൻറർ വാങ്ങൽ | 30000 |
| 85 | പഞ്ചായത്ത് ഓഫീസിൽ ഭിന്നശേഷി ടോയിലെറ്റ് നിർമ്മാണം | 300000 |
| 86 | പഞ്ചായത്ത് ഓഫീസിൽ വനിത ടോയിലെറ്റ് നിർമ്മാണം | 400000 |
| 87 | കീഴത്തൂർ വയോജന വിശ്രമകേന്ദ്രം ഇലക്ട്രിഫിക്കേൻ | 100000 |
| 88 | ടൌണുകളുടെ ശുചീകരണം ഹരിതകർമ്മസേനക്ക് അധിക വേതനം നൽകൽ | 200000 |

| | | |
|---|---|---|
| 89 | ഹരിതകർമ്മസേന വാഹനത്തിന് ഇന്ധനവും മെയിൻറനൻസും | 200000 |
| 90 | ഹരിതകർമ്മസേന വാഹനത്തിൻറ ഡ്രൈവർക്ക് വേതനം നൽകൽ | 252000 |
| 91 | കല്ലിക്കുന്ന് വയലിൽ ജലസേചന സൌകര്യമൊരുക്കൽ | 200000 |
| 92 | ഓടക്കാട് വയലിൽ ജലസേചന സൌകര്യമൊരുക്കൽ | 200000 |
| 93 | ആയുർവേദ ഡിസ്പെൻസറി സ്റ്റോർ റും വർക്ക് ഏരിയ നവീകരണം | 150000 |
| 94 | മമ്പറം ടെയ്ക്ക് എ ബ്രേക്ക് ടോയിലറ്റ് നിർമ്മാണം | 920000 |
| 95 | വെറ്റിനറി ഡിസ്പെൻസറി ഗ്രിൽ നിർമ്മാണം | 100000 |
| 96 | പേരിക്കുന്ന് റോഡ് | 500000 |
| 97 | മൈലാടി കല്ലായി റോഡ് കോണക്രീറ്റ് | 500000 |
| 98 | കുറ്റുവാത്തൂർ അങ്കണവാടി പുഴ റോഡ് | 600000 |
| 99 | കനാൽ റോഡ് എം സി ലത്തീഫ് പുഴ റോഡ് ടാറിംഗ് | 600000 |
| 100 | കുരിയോട് ഒറവകണ്ട് റോഡ് ടാറിംഗ് | 600000 |
| 101 | അങ്കണവാടി കുരിയോട് വയൽ റോഡ് ബാക്കി ഭാഗം ടാറിംഗ് | 600000 |
| 102 | എ കെ ജി കൈതേരിപ്പൊയിൽ റോഡ് ടാറിംഗ് | 400000 |
| 103 | തട്ടാരി പറമ്പ് കവണശ്ശേരി താഴെ റോഡ് ടാറിംഗ് | 500000 |

| | | |
|---|---|---|
| 104 | ഗോൾഡൺ ഷ്ലെയിം റോഡ് ടാറിംഗ് | 600000 |
| 105 | പാച്ചപൊയ്ല പാലപറമ്പ് റോഡ് ബാക്കി ഭാഗം ടാറിംഗ് | 600000 |
| 106 | കോമത്ത് മുക്ക് അരേടത്ത് താഴെ റോഡ് ടാറിംഗ് | 600000 |
| 107 | പടിഞ്ഞിറ്റാംമുറി മേത്തട്ട മാപ്പുര വള്ളിപ്പറമ്പ് റോഡ് ടാറിംഗ് | 600000 |
| 108 | കളരിക്കൽ ക്ഷേത്രം പരപ്പറ്റ താഴെ റോഡ് ടാറിംഗ് | 600000 |
| 109 | പൊയനാട് പള്ളി കനാൽ റോഡ് ടാറിംഗ് | 600000 |
| 110 | നെല്ലിക്കമുക്ക് കുഴിച്ചാൽ താഴെ റോഡ് ടാറിംഗ് | 600000 |
| 111 | അമ്മഞ്ചേരിമുക്ക് താഴെ വടവതി മുക്ക് റോഡ് ടാറിംഗ് | 600000 |
| 112 | ചേറ്റുകളം മുക്ക് ചാലിൽ താഴെ റോഡ് ടാറിംഗ് | 600000 |
| 113 | കാട്ടിൽ പുര മൈലുള്ളി വയൽ റോഡ് ടാറിംഗ് | 600000 |
| 114 | വണ്ണാൻറെ മുക്ക് കളത്തിൽ താഴെ റോഡ് ടാറിംഗ് | 400000 |
| 115 | കല്ലിക്കുന്ന് കർഷകഗ്രാമം ഫാം ഹൌസ് ഇടവഴി | 500000 |
| 116 | ഓയിൽ മിൽ പുതിയേടത്ത് റോഡ് ടാറിംഗ് | 500000 |
| 117 | വനിത ഓപ്പൺ ജിംനേഷ്യം നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം വാങ്ങൽ | 900000 |
| 118 | ജാഗ്രത സമിതിക്ക് ബോർഡ് സ്ഥാപിക്കൽ | 60000 |

| | | |
|---|---|---|
| 119 | അങ്കണവാടി കലാമേള | 30000 |
| 120 | അങ്കണവാടികൾക്ക മിക്സി | 198000 |
| 121 | മൈലാടി എസ് സി കോളനി റോഡ് റീടാറിംഗ് | 350000 |
| 122 | കളത്തുമല പട്ടത്താരി റോഡ് റീടാറിംഗ് | 400000 |
| 123 | വെണ്മണൽ മുടക്കണ്ടി റോഡ് റീടാറിംഗ് | 400000 |
| 124 | ഇരിപ്പുകടവ് വെണ്മൽ റോഡ് റീടാറിംഗ് | 400000 |
| 125 | കല്ലായി ബസാർ പള്ളി പുനക്കൽ കൊട്ടുങ്കായം റോഡ് റീടാറിംഗ് | 300000 |
| 126 | വേങ്ങാടി അങ്ങാടി ഡാം സെറ്റ് റോഡ് റീടാറിംഗ് | 300000 |
| 127 | ഡാംസെറ്റ് വായച്ചിൽ റോഡ് റീടാറിംഗ് | 200000 |
| 128 | അസ്സൈനാർക്കണ്ടി ഗാന്ധി നഗർ റോഡ് റീടാറിംഗ്<br>കെ കെ മായൻ – ഗാന്ധി നഗർ പുതിയ പള്ളി റോഡ് | 300000 |
| 129 | മെതിയടിപ്പാറ കുറുമാത്തൂർ റോഡ് റീടാറിംഗ് | 300000 |
| 130 | പോതകണ്ടി ശ്രീകൂർമ്പക്കാവ് റോഡ് ബാക്കി ഭാഗം റീടാറിംഗ് | 300000 |
| 131 | വേങ്ങാട് പഞ്ചായത്ത് കിണർ സീഡ്ഫാം റോഡ് | 250000 |
| 132 | കരിയോട് സീഡ്ഫാം വയൽ റോഡ് റീടാറിംഗ് | 250000 |
| 133 | ഊർപ്പള്ളി ഉറവുകണ്ട് സി പി ആബ്ബുട്ടി പറമ്പ് റോഡ് റീടാറിംഗ് | 250000 |

| | | |
|---|---|---|
| 134 | ഹെൽത്ത് സെന്റർ കരിയോട് സ്കൂൾ റോഡ് (ബാക്കിഭാഗം) റീടാറിംഗ് | 400000 |
| 135 | കരിയോട് സ്കൂൾ ജനാർദ്ധനൻ വീട് റോഡ് റീടാറിംഗ് | 150000 |
| 136 | കരിയോട് കച്ചേരി ആലക്കനാൽ റോഡ്റീടാറിംഗ് | 200000 |
| 137 | മുണ്ടമെട്ട പട്ടുവിലാക്കാവ് റോഡ് ഡ്രൈനേജ് റീടാറിങ് | 400000 |
| 138 | മുണ്ടമെട്ട പട്ടുവിലായി എൽ പി സ്കൂൾ റോഡ് റീടാറിംഗ് | 400000 |
| 139 | മുണ്ടമെട്ട ഓട്ടുപുരക്കൽ താഴെ റോഡ് റീടാറിംഗ് | 450000 |
| 140 | സ്രാപ്പ് മുക്ക് പനമ്പറക്കണ്ണോത്ത് താഴെ റീടാറിംഗ് | 200000 |
| 141 | എം ഒ പി റോഡ്  റീ ടാറിങ് റീടാറിംഗ് | 500000 |
| 142 | എം ഒ പി ജംഗ്ഷൻ കോവ്വഞ്ചേരി താഴെ റോഡ് റീടാറിംഗ് | 250000 |
| 143 | പിവിഎസ് ജംഗ്ഷൻ ഇളഞ്ചേരി മഠപ്പുര റോഡ് റീടാറിംഗ് | 500000 |
| 144 | വാളാങ്കിച്ചാൽ കവുങ്ങുള്ള പറമ്പിൽ റോഡ് റീടാറിംഗ് | 300000 |
| 145 | കോങ്ങാട്ട് മുക്ക് ഇളഞ്ചേരി മഠപ്പുര റോഡ് റീടാറിംഗ് | 200000 |
| 146 | കുന്നുമ്മൽ താഴെ ഫുട്പാത്ത് റീടാറിംഗ് | 400000 |
| 147 | പാതിരിയാട്  എച്ച് എസ് ഗുരുദേവി ക്ഷേത്രം റോഡ് പ്രൊട്ടക്ഷൻ റീടാറിങ് ബാക്കി ഭാഗം റീടാറിംഗ് | 500000 |
| 148 | റബ്ബർക്കാട് ലക്ഷംവീട് മാപ്ലോയിൽ വയൽ റോഡ് റീടാറിങ് | 300000 |

| | | |
|---|---|---|
| 149 | ചാത്തൻ മുക്ക് കണ്ടൻചിറ വയൽ റോഡ് റീടാറിങ് | 400000 |
| 150 | വെളുക്കൻ പറമ്പ് പാതിരിയാട് വയൽ റോഡ് റീടാറിങ് | 150000 |
| 151 | കണ്ണോത്ത് മുക്ക് ചിറ്റാരി താഴെ റോഡ് റീടാറിങ് | 300000 |
| 152 | അച്ചങ്കരപള്ളി പുതിയ പുരയിൽ റോഡ് റീടാറിംഗ് | 200000 |
| 153 | കുവ്വച്ചേരിമുക്ക് കങ്കിപ്പറമ്പ് റോഡ് റീടാറിംഗ് | 300000 |
| 154 | കേളാലൂർ അമ്പലക്കാട് മഞ്ചേന്റവിട റോഡ് ബാക്കിഭാഗം റീടാറിംഗ് | 300000 |
| 155 | പാണ്ട്യാലപറമ്പ് കനാൽ താഴെ റോഡ് റീടാറിംഗ് | 300000 |
| 156 | മമ്പറം ഹൈസ്കൂൾ ഇടവഴി റീടാറിംഗ് | 300000 |
| 157 | താഴെ കായലോട് ഒതയോടത്ത് താഴെ റോഡ് റീടാറിംഗ് | 300000 |
| 158 | കേളാലൂർ അയ്യപ്പൻ ക്ഷേത്രം ഇന്ദിരാഗാന്ധി പബ്ലിക് സ്കൂൾ റോഡ് റീടാറിംഗ് | 300000 |
| 159 | തെക്കിനാത്ത് തിരുവമ്പാടി പറമ്പത്ത് മുക്ക് സൈഡ് പ്രൊട്ടക്ഷൻ | 200000 |
| 160 | കുഴിയിൽ പീടിക ചിറക്കന്റെ വളപ്പിൽ റോഡ് റീടാറിംഗ് | 300000 |
| 161 | കീഴത്തൂർ എൽപി സ്കൂൾ വായനശാല റോഡ് റീടാറിങ് | 300000 |
| 162 | തെക്കിനാത്ത് കീഴത്തൂർ പള്ളി റോഡ് | 350000 |
| 163 | മൈലുള്ളിമെട്ട കീഴത്തൂർ വായനശാല റീടാറിങ് | 1000000 |

| | | |
|---|---|---|
| 164 | കോറോത്ത് മെട്ട നെല്ല്യാട് വയൽ പാതിരിയാട് പോസ്റ്റ് ഓഫീസ് റോഡ് റീടാറിംഗ് | 300000 |
| 165 | ചെക്കിക്കാട് കണ്ടോത്ത് താഴെ റോഡ് കൽവർട്ട് | 500000 |
| 166 | കുഴിയിൽ പീടിക ചെക്കിക്കാട് റോഡ് റീടാറിങ് | 500000 |
| 167 | കുഴിയിൽ പീടിക നെല്ല്യാട് റോഡ് റീടാറിംഗ് | 450000 |
| 168 | എം സി മുക്ക് കുഴിച്ചാൽ റോഡ് റീടാറിംഗ് | 250000 |
| 169 | ആശാരിമുക്ക് കനാൽ റോഡ് റീടാറിംഗ് | 250000 |
| 170 | കന്നിരിക്ക പാലാക്കടവ് റോഡ് റീടാറിംഗ് | 300000 |
| 171 | കല്ലിക്കുന്ന് ടി രാഘവൻ റോഡ് റീടാറിംഗ് | 400000 |
| 172 | കണ്ടുകണ്ടംചാൽ കേളോത്ത് വയൽ റോഡ് റീടാറിംഗ് | 300000 |
| 173 | ഇടയിൽ പീടിക കണ്ടുകണ്ടംചാൽ റോഡ് റീടാറിംഗ് | 400000 |
| 174 | സ്രാമ്പി പഴയ പോസ്റ്റ് ഓഫീസ് റോഡ് റീടാറിംഗ് | 400000 |
| 175 | ചാമ്പാട് കൽനാത്ത് കടവ് റോഡ് റീടാറിംഗ് | 400000 |
| 176 | കറവ പശു വിതരണം | 1000000 |
| 177 | ശശിധരൻ പീടിക പാറക്കണ്ടി കന്നുമ്പ്രം റോഡ് ടാറിംഗ് | 500000 |
| 178 | കന്നിരിക്ക ഇടയത്ത് റോഡ് ടാറിംഗ് | 400000 |
| 179 | എല്ലാ വീട്ടിലും ഓരോ പ്രഥമ ശുശ്രൂഷാ വളണ്ടിയർ | 50000 |

## സന്ദേശങ്ങളും ആശയങ്ങളും

വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2025-26 വർഷത്തെ ബഡ്ജറ്റ് രൂപീകരണത്തിന് പര്യാപ്തമായ ഒട്ടേറെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തീരുമാനങ്ങളും ഉൾപ്പെടുത്താൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. പോരായ്മകൾ ചൂണ്ടിക്കാണിച്ചും, പ്രായോഗിക നിർദ്ദേശങ്ങൾ ചർച്ചയിലൂടെ അവതരിപ്പിച്ചും ഈ ബഡ്ജറ്റ് പൂർണ്ണമാക്കാൻ ബന്ധപ്പെട്ട എല്ലാവരേയും സവിനയം അഭ്യർത്ഥിച്ചു കൊണ്ട് ബഡ്ജറ്റ് അവതരണം അവസാനിപ്പിക്കുകയാണ്.

**ചന്ദ്രൻ സി.**
**വൈസ് പ്രസിഡണ്ട്**
വേങ്ങാട് ഗ്രാമപഞ്ചായത്ത്

കൈതേരിപൊയിൽ,
22-03-2025.